| 2010, ഖുത്ബ നമ്പര്‍- 41 | | 08.10.2010<br>ബൈത്തുല്‍ ഫുതൂഹ്<br>ലണ്ടന്‍ |
|---|---|---|

# പാക്കിസ്ഥാന്‍ അക്രമികളുടെ കൈകളില്‍ അമര്‍ന്നിരിക്കുന്നു.

## അഹ്മദികളുടെ പ്രാര്‍ത്ഥനകള്‍ക്ക് മാത്രമേ ഈ രാജ്യത്തെ രക്ഷിക്കാന്‍ കഴിയൂ.

تِلْكَ الدَّارُ الْاٰخِرَةُ نَجْعَلُهَا لِلَّذِيْنَ لَا يُرِيْدُوْنَ عُلُوًّا فِي الْاَرْضِ وَلَا فَسَادًا ۭ وَالْعَاقِبَةُ لِلْمُتَّقِيْنَ ۝٨٤

وَجَحَدُوْا بِهَا وَاسْتَيْقَنَتْهَآ اَنْفُسُهُمْ ظُلْمًا وَّعُلُوًّا ۭ فَانْظُرْ كَيْفَ كَانَ عَاقِبَةُ الْمُفْسِدِيْنَ

സൂറ ഖസസിലെ 84 ഉം സൂറ നമലിലെ 15 ഉം ആയത്തുകളാണ് ഞാനോതിക്കേള്‍പ്പിച്ചത്. സൂറ ഖസസിലെ ആയത്തിന്റെ അര്‍ത്ഥം ഇപ്രകാരമാണ്, ആ പാരത്രിക ഭവനമാകട്ടെ, ഭൂമിയില്‍ ഔന്നത്യം നടിക്കാനോ കുഴപ്പമുണ്ടാക്കാനോ ഉദ്ദേശിക്കാത്തവര്‍ക്ക് നാം അത് നല്‍കുന്നതാണ്. ശുഭപര്യവസാനം ദോഷബാധയെ സൂക്ഷിക്കുന്നവര്‍ക്കാകുന്നു.

രണ്ടാമത്തെ ആയത്തിന്റെ അര്‍ത്ഥം, അവരുടെ മനസ്സുകള്‍ക്ക് ആ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് ദൃഢവിശ്വാസമുണ്ടായിരിക്കെതന്നെ അക്രമമായും അഹങ്കാരമായും അവര്‍ അവയെ നിരാകരിക്കുകയാണുണ്ടായത്. അപ്പോള്‍ നാശകാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക.

സല്‍ക്കര്‍മ്മവും പാപവും, വിനയവും അഹങ്കാരവും, സമാധാനവും സ്നേഹവും കുഴപ്പങ്ങളും, അനുസരണവും ധിക്കാരവും അതു പോലെയുളള മറ്റു കാര്യങ്ങളും നന്മതിന്മകളില്‍ നമുക്ക് കാണാവുന്നതാണ്. ഇതിന്റെ ഒരു ഭാഗം കാരുണ്യവാനായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവരുടെ അടയാളവും രണ്ടാമത്തേത് ശൈത്താന്റെ മടിയിലേക്ക് വീഴുന്നവരുടെ അടയാളങ്ങളിലേക്കുമാണ് വെളിച്ചം വീശുന്നത്. ഇവ രണ്ടും വിപരീത ദിശകളാണ്. അല്ലാഹു നന്മകള്‍ ചെയ്യാനായി കല്‍പ്പിക്കുമ്പോള്‍ ശൈത്ത്വാന്‍ അതില്‍ നിന്ന് തടയാനായി ശ്രമിക്കുകയും, ഏതെല്ലാം തിന്മകളില്‍ നിന്ന് അല്ലാഹു മനുഷ്യനെ തടയുന്നുവോ ശൈത്ത്വാന്‍ അത് ചെയ്യാനായി കല്‍പിക്കുകയും ചെയ്യുന്നു. ധിക്കാരം എന്നത് ശൈത്താന്റെ പ്രകൃതത്തിലുള്ളതാണ്. ഇതിനെക്കുറിച്ച് അല്ലാഹു ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു. ﴿ اِنَّ الشَّيْطٰنَ كَانَ لِلرَّحْمٰنِ عَصِيًّا ﴾ തീര്‍ച്ചയായും പിശാച് കാരുണ്യവാനായ അല്ലാഹുവിനെ ധിക്കരിക്കുന്നവനാണ്. ശൈത്താന്റെ പിന്നില്‍ നടക്കുന്നവര്‍ അല്ലാഹുവിന്റെ പിടുത്തത്തില്‍ വരുമെന്നതില്‍ യാതൊരു സംശയമില്ല. ഞാന്‍ നേരത്തെ കേള്‍പ്പിച്ച രണ്ട് ആയത്തുകളുടെയും അര്‍ത്ഥം നിങ്ങള്‍ കേട്ടു കഴിഞ്ഞു. അതില്‍ രണ്ട് തരം ആളുകളെക്കുറിച്ചാണ് പരാമര്‍ശിച്ചിരിക്കുന്നത്. ഒരു വിഭാഗം അഹങ്കാരത്തില്‍ നിന്നും കുഴപ്പങ്ങളില്‍ നിന്നും സ്വയം രക്ഷപ്പെടുന്നവരും പരമകാരുണികന്റെ ദാസരുമാണ്. എന്നാല്‍ അനീതിയും അക്രമവും കുഴപ്പങ്ങളും ഉണ്ടാക്കുന്നവര്‍ അഹങ്കാരികളും ശൈത്താന്റെ ശിങ്കിടികളുമാണ്. ഇക്കാരണത്താല്‍ തന്നെ അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് ഇവര്‍ തങ്ങളുടെ മോശമായ പര്യവസാനത്തിലെത്തിച്ചേരുന്നതാണ്.

പാക്കിസ്ഥാനിലെ ബഹുഭൂരിഭാഗം പേരും മുസ്‌ലിംകളാണ്. വളരെയധികം പാക്കിസ്ഥാനീ സഹോദരന്മാര്‍ ഇപ്പോള്‍ എന്റെ മുമ്പിലിരിക്കുന്നുണ്ട്. ലോകത്തിലെ പല ഭാഗങ്ങളിലും പാക്കിസ്ഥാനി അഹ്മദികള്‍ വളരെ ശ്രദ്ധയോടെ ഖുത്വുബ കേള്‍ക്കുന്നുണ്ടാകും. നിര്‍ഭാഗ്യവശാല്‍ ദൈവിക കല്‍പനകള്‍ പ്രാവര്‍ത്തികമാക്കുന്നതില്‍ വിദൂരബന്ധം പോലുമില്ലാത്തവരുടെ കൈകളിലാണ് ഇന്ന് പാക്കിസ്ഥാന്‍ അകപ്പെട്ടിരിക്കുന്നത്. എന്നാല്‍ അല്ലാഹു നിരോധിച്ച കാര്യങ്ങള്‍ അവിടെ വ്യാപകമായി നടന്നുവരുന്നു. ഈ വിഭാഗം ഇന്ന് രാഷ്ട്രീയ നേതാക്കന്മാരെയും ഭരണകാര്യങ്ങള്‍ കൈകാര്യം ചെയ്യുന്നവരെയും തങ്ങളുടെ വരുതിയിലാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി ദിവസേന തീവെപ്പും, കുഴപ്പങ്ങളും കൊലകളും നടക്കുന്നതായിക്കാണാം. ചുരുക്കിപ്പറഞ്ഞാല്‍ രാഷ്ട്രീയ പാര്‍ട്ടിക്കാരും രാജ്യത്തിന്റെ കാര്യങ്ങള്‍ ശ്രദ്ധിച്ചുവരുന്നവരുമെല്ലാം ഇത്തരക്കാരായി മാറിയിരിക്കുന്നു. പാക്കിസ്ഥാന്റെ ആരംഭം മുതല്‍ ഇന്ന് വരെ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാര്‍ രാഷ്ട്രീയ നേതാക്കന്മാരോടും മറ്റ് പൊതുജനങ്ങളോടും ഈ ഒരു വിഭാഗത്തില്‍ നിന്ന് രക്ഷപ്പെട്ടുകൊള്ളാനായി പറഞ്ഞുകൊണ്ടിരുന്നു. ഇവര്‍ ഈ രാജ്യത്തെ മതതീവ്രവാദത്തിലേക്ക് കൊണ്ട്പോകാനാണ് ആഗ്രഹിക്കുന്നത്. പൊതുജനങ്ങളാണെങ്കില്‍ തങ്ങളുടെ അറിവില്ലായ്മ കൊണ്ടും ഇസ്‌ലാമിനോടുള്ള സ്നേഹംകൊണ്ടും ഈ കഠിനഹൃദയരുടെ പിടിയില്‍ അകപ്പെടുകയും ദാരിദ്ര്യം കാരണം അവര്‍ക്ക് ചിന്തിക്കാന്‍ പോലും സമയം ലഭിക്കുന്നുമില്ല എന്നതാണ് വാസ്തവം. (അവിടത്തെ ഭൂരിഭാഗവും ദരിദ്രരാണ്) രാഷ്ട്രീയ നേതാക്കന്മാരാണെങ്കില്‍ തങ്ങളുടെ കാര്യലാഭത്തിനായി മതവേഷധാരികളുമായി കരാറുകളിലേര്‍പ്പെടുകയും അവര്‍ക്ക് ആവശ്യത്തിലധികം സ്വാതന്ത്ര്യം നല്‍കുകയും ചെയ്തു. ഇനി ഇവരില്ലാതെ രാഷ്ട്രീയ പാര്‍ട്ടികള്‍ക്ക് ശോഭിക്കാന്‍ സാധിക്കുകയില്ല എന്ന് വരെ കാര്യമെത്തിയിരിക്കുന്നു. മതവേഷധാരികളുടെ കൂട്ട് പിടിക്കാതെ പാര്‍ട്ടികള്‍ക്ക് ഇനി നിലനില്‍പ്പില്ല എന്നാണ് ഓരോ രാഷ്ട്രീയ പാര്‍ട്ടിയും കരുതുന്നത് എല്ലാം അറിഞ്ഞ്കൊണ്ട് തന്നെ നാമധാരികളായ ഈ ഇസ്‌ലാമിന്റെ കരാറുകാര്‍ക്ക്, ഇല്ലാത്ത പ്രാധാന്യം നല്‍കുകയും തല്‍ഫലമായി പാക്കിസ്ഥാനില്‍ നിയമ വ്യവസ്ഥക്ക് യാതൊരു വിലയുമില്ലാത്ത അവസ്ഥവരെ കാര്യമെത്തിയിരിക്കുന്നു. അത് നാള്‍തോറും വര്‍ദ്ധിച്ച് വരികയാണ്. സിവിലിയന്‍മാരും നിര്‍ബന്ധിതരാണ്. ഇപ്പോള്‍ വളരെ അപകടകരമായ ഒരു ഘട്ടത്തിലാണ് എത്തിനില്‍ക്കുന്നത്. റേയ്ഞ്ചേര്‍സ് എന്ന സേനാവിഭാഗത്തിന് ഒരു കാലത്ത് സമാധാനം സ്ഥാപിക്കുന്ന കാര്യത്തില്‍ വളരെ പ്രാധാന്യം നല്‍കിയിരുന്നു. ഇത്പോലെ മറ്റ് സൈന്യങ്ങള്‍ക്ക് പോലും പുതിയ പുതിയ ആയുധങ്ങളുടെ കാര്യത്തില്‍ തീവ്രവാദികളുടേയും ബന്ധപ്പെട്ട സംഘടനകളുടെയും മുന്നില്‍ ഒരു

സ്ഥാനവുമില്ലാതായിരിക്കുന്നു. ഈ ഘട്ടത്തിൽ ഒരഹ്മദിയുടെ ഹൃദയം വളരെ ഭീതിയിലാണ്. കാരണം ആയിരക്കണക്കിന് ജീവൻ ത്യാഗം ചെയ്താണ് നാം ഈ രാജ്യത്തെ കെട്ടിപ്പടുത്തത്. എന്നാൽ തങ്ങളുടെ ലാഭം മാത്രം കാണുന്നവരും തന്നിഷ്ടക്കാരും ഇസ്ലാമിന്റെയും അല്ലാഹുവിന്റെയും പേരിൽ അനീതിയും അതിക്രമവും ചെയ്യുന്നവരും ഈ രാജ്യത്തെ പരിതാപകരമായ അവസ്ഥയിലേക്കെത്തിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽ എത്രശ്രമിച്ചാലും ഈ രാജ്യത്തെ അക്രമികളിൽ നിന്ന് രക്ഷിക്കാൻ അഹ്മദികൾക്ക് സാധിക്കുന്നതല്ല. എന്നാൽ ഓരോ പാക്കിസ്ഥാനീ അഹ്മദിയുടെയും രാജ്യസ്നേഹം അവരിൽ നിന്നാവശ്യപ്പെടുന്നത്, തങ്ങൾ രാജ്യസ്നേഹികളാണെന്ന് നടിക്കുന്ന ചില നാമധാരികൾ എത്രതന്നെ നമ്മെ രാജ്യദ്രോഹികളെന്ന് മുദ്രകുത്തിയാലും എല്ലാവിധ അതിക്രമങ്ങളും നടത്തിയാലും രാജ്യത്തിന്റെ ആവശ്യത്തെ മുൻനിർത്തി രാജ്യത്തിന് വേണ്ടി ദുആ ചെയ്യേണ്ടതാണ്. ഇത് പാക്കിസ്ഥാനി അഹ്മദികളുടെ കർത്തവ്യവുമാണ്. ഈ രാജ്യത്തെ ഭീതിയിൽ നിന്ന് രക്ഷപ്പെടുത്തേണമെങ്കിൽ അത് അഹ്മദികളുടെ ദുആകൾക്ക് മാത്രമേ കഴിയൂ. പാക്കിസ്ഥാനിൽ നടന്ന് വരുന്ന പ്രവണതകൾ കാരണം മറ്റ് രാജ്യങ്ങൾ പാക്കിസ്ഥാന് മേൽ പിടിമുറുക്കുകയാണ്. പാക്കിസ്ഥാനിൽ തന്നെ പലവിധ കുഴപ്പങ്ങളും തീവ്രവാദങ്ങളും നടത്തിയും സ്വത്തുക്കൾ അഗ്നിക്കിരയാക്കിയും തകർത്തും ഈ രാജ്യത്തെ തീർത്തും ഇവർ ബലഹീനമാക്കുകയാണ്. ഇതാണോ രാജ്യസ്നേഹം? എല്ലാ തീവ്രവാദ സംഘടനകളിൽ നിന്നും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് കാണാൻ കഴിയുന്നത്. അഹ്മദികൾ ഇപ്പോൾ പാക്കിസ്ഥാനിൽ ഏറ്റവും കൂടുതൽ അക്രമിക്കപ്പെടുന്നവരാണ്. അഹ്മദികളുടെ അവകാശങ്ങൾക്കൊന്നും യാതൊരു വിലയുമില്ല. ഭരണകൂടവുമായും രാഷ്ട്രീയവുമായും നമുക്ക് യാതൊരു ബന്ധവുമില്ല. എന്നാൽ അജ്ഞരായ ചില ഭൗതികവാദികളുടെ ധാരണ, അഹ്മദിയ്യാ ജമാഅത്ത് വ്യവസ്ഥാപിതമായ ഒരു സംഘടനയാണെന്നും ഒരുകാലത്ത് ഇവർ ഭരണം പിടിച്ചെടുക്കുമെന്നുമാണ്. ഞങ്ങൾക്ക് പാക്കിസ്ഥാന്റെ ഭരണപരമായ കാര്യങ്ങളിലോ ലോകത്തിലെ മറ്റേത് രാജ്യങ്ങളിലെ ഭരണകാര്യങ്ങളിലോ താൽപര്യമില്ല. എന്നാൽ ഒരു രാജ്യക്കാരനെന്ന നിലയ്ക്ക് ആ രാജ്യത്തോട് വിശ്വസ്ഥതയും കൂറും പുലർത്തുക എന്നത് ഞങ്ങളുടെ ബാദ്ധ്യതയാണ്. എല്ലാ രാജ്യങ്ങളിലെ അഹ്മദികളും തങ്ങളുടെ രാജ്യം ലോകരാജ്യങ്ങളുടെ മുൻനിരയിൽ കാണാനാഗ്രഹിക്കുകയും അതിന്നായി ശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നു. അങ്ങനെതന്നെയാണ് വേണ്ടതും. ഒരഹ്മദി വ്യക്തിപരമായി ചിലപ്പോൾ ഏതെങ്കിലും രാജ്യത്തിന്റെ രാഷ്ട്രീയ പാർട്ടികളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അഹ്മദി ഭരണകക്ഷിയുമായി ചേർന്ന് രാജ്യത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുകയാണെങ്കിൽ ചിലർ പ്രതിപക്ഷത്ത് അണിനിരന്ന് രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തനനിരതരാകുന്നു. ഒരു രാജ്യക്കാരനെന്ന നിലയ്ക്ക് അഹ്മദിക്ക് ആ രാജ്യത്തിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെടാൻ താൽപര്യമുണ്ടാകാനും. അത് തന്നെയാണ് വേണ്ടത്. എന്നാൽ അഹ്മദിയ്യാ ജമാഅത്തിനോ, അഹ്മദിയ്യാ ഖിലാഫത്തിനോ ഒരു രാജ്യത്തിന്റെയും ഭരണം കൈക്കലാക്കുന്ന കാര്യത്തിൽ യാതൊരു താൽപര്യവുമില്ല. അത് നമ്മുടെ ഉദ്ദേശ്യവുമല്ല. നമുക്ക് ഹദ്റത്ത് റസൂൽ തിരുമേനി ﷺ യുടെ സത്യസന്ധനായ പ്രേമി കാണിച്ചുതന്ന മാർഗ്ഗം രാജ്യത്തിന്റെ ഭൗതിക താൽപര്യങ്ങളെ വെട്ടിപ്പിടിക്കുക എന്നതല്ല. ആത്മീയ രാജാധികാരം കരഗതമാക്കുക എന്നതാണ് ഞങ്ങളുടെ ഉദ്ദേശം. അല്ലാഹുവിന്റെ പ്രീതിയുടെ കിരീടം കരസ്ഥമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഏതെല്ലാം ഭരണകൂടങ്ങൾക്ക് രാജ്യത്തിന്റെ പുരോഗതിക്കും നിലനിൽപിനും വേണ്ട അഭിപ്രായങ്ങളും ത്യാഗങ്ങളും ആവശ്യമായി വന്നിട്ടുണ്ടോ അഹ്മദിയ്യാ ജമാഅത്ത് അത് നൽകിവരുന്നു. അഹ്മദികളായ നാം പാക്കിസ്ഥാനിലും മറ്റും വ്യക്തിപരമായും ജമാഅത്തെന്ന നിലയ്ക്കും എല്ലാവിധ അക്രമങ്ങളെയും സഹിച്ച്കൊണ്ട് തങ്ങളുടെ രാജ്യക്കാർ ഏതെങ്കിലും ദുരിതത്തിൽ അകപ്പെടുമ്പോൾ വളരെയധികം വിഷമിക്കാറുണ്ട്. ഞങ്ങളുടെ വിഷമം ഭരണത്തിന് വേണ്ടിയല്ല. ഞങ്ങളുടെ വിഷമം രാജ്യത്തിന്റെ നിലനിൽപിനും പൊതുജനങ്ങൾക്കും വേണ്ടിയാണ്. ദുരിതങ്ങൾ വന്ന് കഴിഞ്ഞാൽ അതിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ ഞങ്ങളുടെ കഴിവിന്റെ പരമാവധി ഞങ്ങൾ പരിശ്രമിക്കുന്നു. ഇത് ഞങ്ങളുടെ പ്രിയ യജമാനൻ ഹദ്റത്ത് മുഹമ്മദ് നബി ﷺ യിൽ നിന്ന് ലഭിച്ച് അധ്യാപനങ്ങളുടെ ഫലമാണ്. പ്രിയ യജമാനൻ ﷺ ഞങ്ങൾക്ക് മുമ്പിൽ ചെയ്ത് കാണിച്ച ആ മാതൃകകളെ പിൻപറ്റുന്നത്കൊണ്ടാണ് ഈ അവസ്ഥ സംജാതമായിരിക്കുന്നത്. ആ മാർഗ്ഗത്തിലേക്കാണ് അല്ലാഹു വഴികാട്ടുന്നത്. റസൂൽ ﷺ ന്റെ ഈ മാർഗ്ഗത്തെ പിൻപറ്റുക എന്നത് നിങ്ങൾക്ക് നിർബന്ധമാണ് എന്നാണ് അല്ലാഹു അറിയിച്ചിരിക്കുന്നത്.

മനുഷ്യസ്നേഹിയായ ആ പ്രവാചകൻ ﷺ നമുക്ക് മുമ്പിൽ സമർപ്പിച്ച മാതൃകകൾ, നിങ്ങളുടെ സ്വന്തം സങ്കടങ്ങളെ മറന്ന് കൊണ്ട് മനുഷ്യന് വേണ്ടി സേവനം ചെയ്യുക എന്നതാണ്. മറ്റൊരു ഉദ്ദേശ്യവും നമ്മുടെ മുമ്പിലില്ല. സ്നേഹത്തെമാത്രം മുന്നിൽവെച്ച്കൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്. ﴿ إِيتَآئِ ذِى ٱلْقُرْبَىٰ ﴾ അയൽക്കാരെ സഹായിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ രാജ്യക്കാരും നിങ്ങളുടെ അയൽക്കാരെപോലെയാണ്. രാജ്യത്തിലെ മറ്റുള്ളവർക്ക് വിഷമം നേരിട്ടാലും സൽപ്രകൃതക്കാരായവർക്ക് വിഷമമുണ്ടാകുന്നു. നമുക്ക് അനീതിയുമായോ കുഴപ്പങ്ങളുമായോ യാതൊരു ബന്ധവുമില്ല. ഞങ്ങൾ വിനയത്തിന്റെയും സ്നേഹത്തിന്റെയും പ്രചാരകരാണ്. ജനങ്ങൾ അല്ലാഹുവിൽ നിന്നകലുന്നത്കണ്ട് വിഷമിച്ച ആ നബി ﷺ യിൽ വിശ്വസിച്ചവരാണ് നാം. അവർ ദൈവിക ശിക്ഷയിൽ അകപ്പെടുന്നത് അങ്ങേക്ക് സഹിക്കുമായിരുന്നില്ല. ജനങ്ങൾ അല്ലാഹുവിനെ മറന്ന്കൊണ്ട് നാശത്തിന്റെ ഗർത്തങ്ങളിൽ വീഴുന്നതിൽ നിന്ന് രക്ഷപ്പെടാനായി രാത്രികളിൽ അങ്ങ് പ്രാർത്ഥനാനിരതനായി. അങ്ങയുടെ ഹൃദയവേദന കണ്ടുകൊണ്ട് അല്ലാഹു പറഞ്ഞു,

لَعَلَّكَ بَاخِعٌ نَّفْسَكَ أَلَّا يَكُونُوا مُؤْمِنِينَ ④

നമ്മുടെ യജമാനനായ മുഹമ്മദ് നബി ﷺ യുടെ സമൂഹത്തിൽ പെട്ടവരോട് നമുക്ക് സഹതാപമുണ്ട്. ഈ സമൂഹം നബി ﷺ യുടെ സന്ദേശം സ്വീകരിച്ച് ഇമാം മഹ്ദിയെ വിശ്വസിക്കുന്നതിനായി ഞങ്ങൾ ശ്രമം നടത്തിവരുന്നു. അവർ ഈ ലോകത്തും പരലോകത്തും ദൈവികശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നവരാകട്ടെ.

കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഞാനെന്റെ പ്രഭാഷണങ്ങളിലും ഖുത്വുബകളിലും പറയാറുള്ള ഒരു കാര്യം, ഭൂകമ്പങ്ങളും പ്രളയവും കൊടുങ്കാറ്റുമെല്ലാം കഴിഞ്ഞ 100 വർഷങ്ങളായി വളരെയധികം ശക്തി പ്രാപിച്ചിരിക്കുന്നു എന്നാണ്. അല്ലാഹുവിനാൽ അയക്കപ്പെട്ട ആൾക്കുള്ള തെളിവുകളാണിത്. ഹ: മസീഹ് മൗഊദ് عليه السلام

ഇതിനെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതായത് ഭൂകമ്പങ്ങളും കൊടുങ്കാറ്റും പ്രളയങ്ങളും എന്റെ ആഗമനത്തിന് സാക്ഷ്യം പറയുന്നതാണ്. അദ്ദേഹത്തിന്റെ കാലഘട്ടം മുതൽ ഇന്ന് വരെ ദൈവിക സാക്ഷ്യങ്ങൾ പുലരുന്നു. മറ്റ് രാജ്യങ്ങളെപ്പോലെ ഇത്തരം ഭൂകമ്പങ്ങൾ കൊണ്ട് പാക്കിസ്ഥാനിലും നാശനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് എല്ലാവർക്കുമറിയാം. ഐക്യ രാഷ്ട്രസംഘടനയുടെ റിപ്പോർട്ടനുസരിച്ച് ഈയടുത്തുണ്ടായ പാക്കിസ്ഥാനിലെ വെള്ളപൊക്കം കാരണം എത്രയോ സുനാമികളുണ്ടാക്കുന്ന നാശങ്ങളെക്കാളും വലിയ നാശനഷ്ടങ്ങളാണ് സംഭവിച്ചിരിക്കുന്നത്. ആകാശഭൂമികളിൽ സംഭവിച്ച്കൊണ്ടിരിക്കുന്ന ഇത്തരം അടയാളങ്ങൾ മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യങ്ങളാണെന്ന് എല്ലാ അഹ്മദികൾക്കും നന്നായിട്ടറിയാം. ലോകം ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ലോകത്ത് നടന്ന് കൊണ്ടിരിക്കുന്ന ഇത്തരം ദുരിതങ്ങൾ നമ്മെ വിഷമത്തിലാഴ്ത്തുന്നുവെങ്കിലും ജനങ്ങൾ ദൈവികാടയാളങ്ങളെക്കുറിച്ച് മനസ്സിലാക്കിയില്ലെങ്കിൽ അതിഭയാനകമായ നാശങ്ങളും വരാൻ സാദ്ധ്യതയുണ്ട്. ഈ വിഷമഘട്ടത്തിൽ നമ്മുടെ ശ്രദ്ധ നമ്മുടെ സൃഷ്ടാ വായ അല്ലാഹുവിലേക്ക് തിരിയുന്നു. അവൻ ജനങ്ങളുടെ സംസ്ക്കരണത്തിനായി തന്റെ വരിഷ്ഠ ദാസരെ അയക്കുന്നു. പാക്കിസ്ഥാനീ പത്രങ്ങളിലും ദൃശ്യമാധ്യങ്ങളിലും ഇത് ദൈവിക ശിക്ഷയാണോ എന്ന കാര്യത്തിൽ ഒച്ചപ്പാടുണ്ടാകാറുണ്ട്. അവരുടെ മതനേതാക്കന്മാരുടെ അഭിപ്രായമനുസരിച്ച് ഇത് ദൈവിക ശിക്ഷയല്ല. ദൈവിക ശിക്ഷകൾ നബിമാരുടെ കാലഘട്ടങ്ങളിലാണ് ഉണ്ടാവുക എന്നാണ് ഇവരുടെ അഭിപ്രായം. എന്നാൽ അല്ലാഹുവിന് വേണ്ടി ഞങ്ങൾ പറയുന്ന ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാക്കുകൾ കേൾക്കുക. അല്ലാഹുവിന്റെ മസീഹിന്റെ ശബ്ദം കഴിഞ്ഞ നൂറ് വർഷങ്ങളായി നിങ്ങളെ ഉണർത്തിക്കൊണ്ടിരിക്കുന്നു. ലോകത്തുണ്ടാകുന്ന ഇത്തരം ആപത്തുകൾ ഞങ്ങളെ വിഷമത്തിലാഴ്ത്തിയിരിക്കുന്നു. അതായത് ഭാവിയിൽ ഇത് ഭയാനകമായ ആപത്തിന് വഴി തെളിയിക്കാതിരിക്കട്ടെ. ഇത്തരം ഘട്ടങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് അതാത് രാജ്യക്കാർക്കായി ചെയ്യുന്ന സേവനങ്ങളെ സംബന്ധിച്ചേടത്തോളം ഞാൻ പറഞ്ഞത് പോലെ ഞങ്ങൾ എല്ലാവർക്ക് വേണ്ടിയും സേവനതൽപരരാണ്. ഈയടുത്തുണ്ടായ പ്രളയത്തിലും അഹ്മദിയ്യാ ജമാഅത്ത് വ്യക്തിപരമായും സാമൂഹികമായും ധനം സ്വരൂപിച്ച് വിവിധ രാജ്യങ്ങളിലുള്ള പാക്കിസ്ഥാനീ എംബസികൾ മുഖേന അയക്കുകയുണ്ടായി. പാക്കിസ്ഥാനിലുള്ള സാമ്പത്തിക ശേഷിയുള്ള പല അഹ്മദികളും സഹായവുമായെത്തി പണം സ്വരൂപിച്ചും സാധന സാമഗ്രികൾകൊണ്ടും നമ്മുടെ വളണ്ടിയർമാരും സഹായിക്കുകയും ജനങ്ങളെ പുറത്തെടുക്കാനും സുരക്ഷിതസ്ഥലങ്ങളിൽ എത്തിക്കാനും ഭക്ഷണം നൽകാനും സഹായിച്ചു. അവിടത്തെ ഒരു ട്രസ്റ്റിന്റെ ഉടമ ഈതി സാഹിബുമായി നടന്ന കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു. ഖാദിയാനികൾ സഹായിക്കാനായി മറ്റെല്ലാവരെക്കാളും മുമ്പിലെത്തുന്നു. നമ്മുടെ ടീം അഹ്മദികളെ പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് മാറ്റിയിട്ടുണ്ടെങ്കിൽ യാതൊരു വ്യത്യാസവുമില്ലാതെ മറ്റുള്ളവരുടെ സേവനത്തിനായും എത്തിയിരിക്കുന്നു. ജാതിമത വ്യത്യാസമന്യേ ഹ്യൂമാനിറ്റി ഫസ്റ്റ് മുഖേനയും സേവനങ്ങൾ നടന്ന് വരുന്നു. ഇപ്പോൾ ഹ്യൂമാനിറ്റി ഫസ്റ്റ് ഈ പ്രളയബാധിത പ്രദേശങ്ങൾക്കായി 1 മില്ല്യൻ ഡോളർ ധനസഹായം നൽകാനായി തീരുമാനിച്ചിരിക്കുന്നു. അവിടത്തെ പ്രവർത്തനങ്ങൾക്കായി അത് സഹായകമാവുന്നതാണ്. യാതൊരു പ്രത്യേകതയുമില്ലാതെ ഞങ്ങൾ സേവനം ചെയ്യുകയാണ്. അത് ചെയ്ത്കൊണ്ടിരിക്കുന്നതുമാണ്. നമ്മൾ അഹ്മദികളാണെന്ന് എവിടെയും പറയുന്നില്ല. നിശബ്ദ സേവനമാണ് ചെയ്ത് വരുന്നത്. കുഴപ്പക്കാർ കുഴപ്പങ്ങളുണ്ടാക്കാതിരിക്കാൻ വേണ്ടിയാണിത്. അക്കാരണത്താൽ ദരിദ്രർ ഈ സഹായത്തിൽ നിന്ന് പിന്തള്ളപ്പെടുമെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഈ നാമധാരികളായ മതത്തിന്റെ കരാറുകാരുടെ, സ്വയം ഇസ്‌ലാമിന്റെ പ്രതിനിധികളായി ചമയുന്നവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്. ഒരു സ്ഥലത്ത് നിന്ന് മനസ്സിലാക്കാൻ സാധിച്ചത് ഡേറാ ഗാസിഖാനിലെ ദിയാ എന്ന സ്ഥലത്തുള്ള പ്രളയബാധിത പ്രദേശങ്ങളിലുള്ള അഹ്മദീ കുടുംബങ്ങൾക്ക് സ്ക്കൂളിൽ ഷെൽട്ടർ ലഭിച്ചിരുന്നു. അവിടുന്ന് പോലും ഈ കുടുംബങ്ങളെ ഇവർ ഖാദിയാനികളാണെന്ന് പറഞ്ഞ് പുറത്താക്കി. അവരുടെ ഭക്ഷണത്തിനും മറ്റുമുള്ള ഏർപ്പാടെല്ലാം നമ്മൾ തന്നെയാണ് ചെയ്തത്. അഹ്മദികളെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് സംരക്ഷിക്കുന്നതാണ്. സഹായം ലഭിക്കാത്ത ഒരവസ്ഥയുണ്ടാകില്ല. ഈ കുടുംബങ്ങൾക്കുള്ള ഏർപ്പാടുകളും ചെയ്യപ്പെട്ടു. എന്നാൽ ഈ ഇസ്‌ലാമിന്റെ പ്രതിനിധികളെന്ന് പറയുന്നവരുടെ ദുഷ്ടബുദ്ധിയെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞു. അല്ലാഹുവിന്റെയും നബി ﷺ യുടേയും പേരിൽ എത്ര മോശമായ പ്രവൃത്തിയാണ് കാണിക്കുന്നത്. ഈ പ്രളയവും കൊടുങ്കാറ്റുമെല്ലാം നമ്മുടെ ലാഹോർ പള്ളികളുമായി ബന്ധപ്പെട്ട സംഭവത്തിന് ശേഷമാണ് ഉണ്ടായത്. അക്രമവും അനീതിയും അതിന്റെ അതിർവരമ്പ് ലംഘിച്ച ദൃശ്യമാണ് പള്ളികളിൽ കണ്ടത്. എന്നാൽ ഈ ഘട്ടത്തിലും അഹ്മദിയ്യാ ജമാഅത്തിന്റെ മഹത്തായ ഗുണങ്ങൾ പ്രത്യേക ശോഭയോടെ വീണ്ടും തെളിഞ്ഞിരിക്കുന്നു. എല്ലാവിധ അനീതികളും സഹിച്ചതിന്ശേഷവും സ്വന്തം രാജ്യക്കാരുടെ ആശങ്കകൾ കണ്ട് കൊണ്ട് ജമാഅത്ത് ഉടനെ സേവനത്തിനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്നു. ജമാഅത്തംഗങ്ങളുടെ ത്യാഗങ്ങളുടെ വില പതിന്മടങ്ങ് വർദ്ധിക്കുകയാണ്. നമ്മുടെ പള്ളികളിൽ ശഹീദായവരുടെ ജനാസകൾ അവരുടെ വീടുകളിൽ തന്നെയുണ്ടായിരുന്ന ആ സമയത്ത് പ്രദേശവാസികളിൽ ചിലർ, അഹ്മദികൾ ശഹീദായതിൽ സന്തോഷിച്ച് മിഠായി വിതരണം ചെയ്യുകയായിരുന്നു. മതത്തിന്റെ പേരിലുള്ള ഇത്തരം സ്വഭാവവൈകൃതങ്ങളോട് എങ്ങനെയാണ് പ്രതികരിക്കുക? മൗലവിമാർ അവരുടെ സമൂഹത്തെ തികച്ചും വികൃതമാക്കിയിരിക്കുന്നു. പ്രദേശത്തെ കുട്ടികൾ നമ്മുടെ അഹ്മദി കുട്ടികളോട് നിങ്ങൾ ഓവുചാലുകളിൽ എറിയപ്പെടേണ്ടവരാണ്. അവിടെയാണ് നിങ്ങളുടെ സ്ഥാനം എന്ന് പറയുന്നു. ഇക്കാരണത്താൽ ചില അഹ്മദികൾക്ക് വീട് മാറിത്താമസിക്കേണ്ടതായിവന്നിരിക്കുന്നു. എന്നാൽ ഇത്തരം അവസ്ഥകളിലും അഹ്മദിയുടെ സ്വഭാവഗുണങ്ങൾ ആദ്യത്തേക്കാളുപരി ശോഭയോടും പ്രൗഢിയോടുംകൂടി തെളിയേണ്ടിയിരിക്കുന്നു. ഭക്ഷണത്തിന് വേണ്ടിയും മറ്റ് സാധനസാമഗ്രികൾ, മരുന്നുകൾ എന്നിവ നൽകിയും കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സേവനം ചെയ്യുമ്പോൾ ആരാണ് ശത്രുത കാണിച്ചത് എന്നൊന്നും നോക്കാതെ എല്ലാവർക്കും സഹായമെത്തിക്കാൻ കഴിഞ്ഞു. ഇതാണ് അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് പ്രകടമാകുന്ന യഥാർത്ഥ ഇസ്‌ലാമിന്റെ ചിത്രം. റസൂൽ ﷺ യുടെ മാതൃകകൾക്കനുസരിച്ച് പ്രവർത്തിച്ചതിന്റെ പ്രത്യക്ഷ രൂപമാണിത്. അഹ്മദിയ്യാ ജമാഅത്ത്, ശകാരവാക്കുകൾ കേട്ടും പ്രാർത്ഥിക്കുക.

വിഷമങ്ങൾ സഹിക്കേണ്ടി വന്നാലും മറ്റുള്ളവർക്ക് സുഖം നൽകുക എന്ന അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്ന ജമാഅത്താണ്. അല്ലാഹുവിന്റെ തൃപ്തിയെ ലക്ഷ്യം വെച്ച്കൊണ്ട് നിരന്തരമായി അത് ചെയ്തുവരുന്നതുമാണ്. ഇത്തരം ശത്രുതാമനോഭാവം പാക്കിസ്ഥാനിൽ മാത്രമല്ല ലോകത്തിന്റെ ഏത് കോണിൽ എതിർപ്പ് നേരിടേണ്ടിവന്നാലും അഹ്മദിയ്യാ ജമാഅത്ത് ഏറ്റവും ഉന്നത സ്വഭാവ ഗുണങ്ങളാണ് കാണിക്കുക.

കഴിഞ്ഞ ദിവസങ്ങളിൽ ഇന്തോനേഷ്യയിൽ ജമാഅത്തിന്റെ പള്ളിയും അഞ്ചാറ് വീടുകളും കാറുകളും ബൈക്കുകളും അഗ്നിക്കിരയാക്കുകയുണ്ടായി. എന്നാൽ അവിടെയും കൊടുങ്കാറ്റുണ്ടായപ്പോൾ ജമാഅത്ത് അവരെയും സഹായിച്ചു. ഇന്തോനേഷ്യയിലെ അനഹ്മദികളിൽ കാണാൻ സാധിക്കുന്ന ഒരു ഗുണം വിദ്യാസമ്പന്നരായ ഒരുപാടാളുകളിൽ ധൈര്യവുമുണ്ട്. പള്ളിയും വീടുകളും അഗ്നിക്കിരയാക്കിയവരോട് രാഷ്ട്രീയ നേതാക്കന്മാരും മറ്റ് പ്രമുഖരും തങ്ങളുടെ വെറുപ്പ് അറിയിക്കുകയും മുൻപ്രസിഡന്റ് അബ്ദുൽ വാഹിദിന്റെ ഭാര്യ ദുഃഖാചരണത്തിനായി ജമാഅത്തംഗങ്ങളുടെ വീടുകൾ സന്ദർശിക്കുകയും ചെയ്തു. നാശനഷ്ടങ്ങൾ സംഭവിച്ചവരുടെ വീടുകൾ അവർ സന്ദർശിച്ചു. നമ്മുടെ പാക്കിസ്ഥാനിലെ രാഷ്ട്രീയ നേതാക്കന്മാരുടെ കണ്ണുകൾ തുറന്നെങ്കിൽ, അവരും രാഷ്ട്രീയത്തിന്റെ വിലയും നിലയും അറിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

അഹ്മദികൾ ഏതവസ്ഥയിലും ജനങ്ങളെ നാശത്തിൽ നിന്ന് രക്ഷിക്കാനായി പരിശ്രമിക്കുന്നതാണ്. കാലത്തിന്റെ ഇമാമിന്റെ സന്ദേശമെത്തിച്ച്കൊണ്ടും നാം ദുആകളിൽ പ്രത്യേകമായി ശ്രദ്ധിച്ച്കൊണ്ടും നമ്മുടെ പരിശ്രമങ്ങൾ തുടരേണ്ടതാണ്. നമ്മുടെ ഈ സ്വഭവഗുണങ്ങളെ യാതൊരുവിധ അനീതികൊണ്ടും അപരിഹരിക്കാൻ സാദ്ധ്യമല്ല. തീർച്ചയായും അക്രമികളും അവരുടെ അക്രമങ്ങളും ഈ ഭൂമുഖത്ത് നിന്ന് തുടച്ച് നീക്കപ്പെടുമ്പോൾ നമ്മുടെ ദുആ പ്രവർത്തനനിരതമാകുന്നതാണ് ഇൻശാ അല്ലാഹ്. അല്ലാഹു ഓരോ വ്യക്തിയെയും രാജ്യത്തെയും അക്രമികളിൽ നിന്നും അക്രമങ്ങളിൽ നിന്നും രക്ഷിക്കട്ടെ എന്നാണ് നാം എപ്പോഴും ദുആ ചെയ്യേണ്ടത്. ലോകത്ത് കുഴപ്പങ്ങളുണ്ടാക്കി സ്വന്തം അവകാശങ്ങൾക്കായി യുദ്ധം ചെയ്യുക എന്നത് നമ്മുടെ പ്രവൃത്തിയല്ല. ദീനിന്റെ കാരണത്താലാണ് നമുക്ക് മേൽ അക്രമമുണ്ടാകുന്നത്. മറ്റൊരു കാരണവുമില്ല. എന്നാൽ ദീനിന്ന് വേണ്ടി യുദ്ധം ചെയ്യുന്നതിൽ നിന്ന് കാലത്തിന്റെ ഇമാം നമ്മെ തടഞ്ഞിരിക്കുന്നു. ദുആ എന്ന ഏറ്റവും വലിയ ആയുധമാണ് നമ്മുടെ കയ്യിലുള്ളത് തീർച്ചയായും അത് വിജയം നൽകുന്നതാണ്. നമ്മുടെ യഥാർത്ഥ ഉദ്ദേശ്യം ദൈവപ്രീതി കരസ്ഥമാക്കുക എന്നതാണ്. അതിന്നായി കുഴപ്പങ്ങളുണ്ടാക്കുകയല്ല, നന്മകൾ ചെയ്യുകയാണ് വേണ്ടത്. അതിന്നായി അല്ലാഹു പറയുന്നു. تِلْكَ الدَّارُ الْاٰخِرَةُ نَجْعَلُهَا لِلَّذِيْنَ لَا يُرِيْدُوْنَ عُلُوًّا فِي الْاَرْضِ وَلَا فَسَادًا നാം പരലോകത്തിൽ വിശ്വസിക്കുന്നവരുടെ ഗണത്തിൽ ഉൾപ്പെട്ടവരാണെന്ന് അല്ലാഹു നമ്മെ അറിയിക്കുമ്പോൾ പിന്നെങ്ങനെയാണ് നാം കുഴപ്പമുണ്ടാക്കുന്നവരാകുക. നിയമത്തെ കയ്യിലെടുക്കാനോ മനുഷ്യസേവനത്തിൽ നിന്ന് പിന്മാറാനോ മറ്റുള്ളവരെ അപമാനിതരാക്കാനോ നമുക്ക് കഴിയുകയില്ല. ഇതെല്ലാം തഖ്വക്ക് വിപരീതമായവയാണ്. ഒരു വിശ്വാസിയുടെ ഉദ്ദേശ്യം തന്നെ തഖ്വയാണ്. അല്ലാഹു ﴿ وَالْعَاقِبَةُ لِلْمُتَّقِيْنَ ﴾ നല്ല പര്യവസാനം ഭയഭക്തിയുള്ളവർക്കായിരിക്കും എന്ന് വാഗ്ദാനം നൽകിയിരിക്കുന്നു. കുഴപ്പമുണ്ടാക്കുന്നവർക്കല്ല. എല്ലാ മതാനുയായികളും ശത്രുക്കളുടെ അക്രമങ്ങളെയും അനീതികളെയും കുറിച്ച് പലപ്പോഴും മനസ്സിലാക്കിയത്, ഇത് ഇപ്പോൾ അവസാനിക്കുമെന്നായിരുന്നു. എന്നാൽ ചില ഘട്ടങ്ങളിൽ പരീക്ഷണങ്ങൾ വല്ലാതെ നീണ്ടുപോവുമ്പോൾ ഞങ്ങൾക്കും ഇനി ഭൗതിക തന്ത്രങ്ങൾ ഉപയോഗിക്കാം എന്നാണ് ചിലർ കരുതുന്നത് എന്നാൽ ദൈവിക ജമാഅത്തുകൾ അപ്രകാരം പ്രവർത്തിക്കാറില്ല. പലരും എനിക്ക് കത്തുകളെഴുതാറുണ്ട്. ഇത്രയും ക്ഷമിക്കുന്നത് നല്ലതല്ലെന്ന് വരെയെഴുതുന്നു. ഞാനാദ്യം തന്നെ ഇത്തരം ഭൗതിക തന്ത്രങ്ങൾ നമ്മുടെ നടപടിയല്ലെന്ന് പറഞ്ഞുകഴിഞ്ഞു. നിങ്ങൾ കാലത്തിന്റെ ഇമാമിനെ അനുസരിച്ചിരിക്കുന്നു. അതുകൊണ്ട്തന്നെ അദ്ദേഹത്തിന്റെ വാക്കുകൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നത് നിങ്ങളുടെ ബാദ്ധ്യതയാണ്. സൽപ്രകൃതക്കാർക്ക് ഇത്തരം അവസ്ഥകൾ ഉണ്ടാവുകയില്ല നാം അതിന് ശ്രമിച്ചാലും അത് സാദ്ധ്യമല്ല കാരണം അത് നമ്മുടെ പ്രകൃതത്തിന് വിരുദ്ധമാണ്. നമ്മുടെ റബ്വക്ക് ചുറ്റും പ്രദേശവാസികൾ താമസിച്ച വരുന്നുണ്ട്. നാം റബ്വയിൽ വിഭജനശേഷമാണ് താമസിച്ച് വന്നത്. അത്കൊണ്ട് തന്നെ അവിടെ മുമ്പ് താമസിച്ച് വന്നവർ പിന്നീട് വന്നവരെ മുഹാജിർ എന്നാണ് വിളിക്കാറുള്ളത്. ഒരിക്കൽ സംസാരത്തിനിടയിൽ അവരിലുള്ള ഒരാൾ പറഞ്ഞു. (ഇവർ മോഷണത്തിലും തിന്മയിലും വളരെ മുൻപന്തിയിലാണ്.) റബ്വക്കാർക്കും തുടക്കത്തിൽ ഇവരിൽ നിന്ന് സംരക്ഷിക്കേണ്ടതായി വന്നിരുന്നു. ഇവരിലുള്ള ഒരാൾ പറഞ്ഞു. ഞങ്ങൾ വളരെ മോശമായ പ്രവൃത്തികൾ ചെയ്യുന്നവരാണ്. മോശമായ പ്രവൃത്തികളിൽ മുഹാജിറുകളായ നിങ്ങളുടെ ബുദ്ധി അവസാനിക്കുമ്പോൾ ഞങ്ങളുടെ ബുദ്ധി ആരംഭിക്കുന്നു. അതായത് കുഴപ്പങ്ങളിൽ അവരോട് കിടപിടിക്കാൻ ആരുമില്ല എന്നർത്ഥം. ഇവരിൽ ചിലർ അഹ്മദികളായിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനത്താൽ ഇവരിലും പരിശുദ്ധമായ പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മറ്റൊന്ന് അല്ലാഹുവിൽ ഞങ്ങൾക്ക് പരിപൂർണ്ണമായ വിശ്വാസമുണ്ട്. ﴿ وَالْعَاقِبَةُ لِلْمُتَّقِيْنَ ﴾ എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതായത് ശുഭപര്യവസാനം മുത്തഖീങ്ങളുടേതായിരിക്കും. ഇതിന് പല അർത്ഥങ്ങളുമുണ്ട്. അവസാനം നാം അല്ലാഹുവിന് മുന്നിൽ എത്തേണ്ടവരാണ്. അവിടെ ഭൗതിക തന്ത്രങ്ങളോ കുഴപ്പങ്ങളോ വിലപ്പോവുന്നതല്ല. ചോദിക്കുകയാണെങ്കിൽ നിങ്ങളുടെ തഖ്വയെക്കുറിച്ചായിരിക്കും ചോദിക്കുക. അല്ലാഹുവിനോളം എത്തുന്നത് നമ്മുടെ തഖ്വയാണ്. പറയുന്നു. ﴿ يَنَالُهُ التَّقْوٰى مِنْكُمْ ﴾ തഖ്വയിൽ അഭിവൃദ്ധി പ്രാപിക്കുന്നത്കൊണ്ട് മാത്രമേ നമുക്ക് പൊറുത്ത് തരികയുള്ളൂ. അല്ലാഹു നമുക്ക് തഖ്വയെ വർദ്ധിപ്പിച്ച് തരുമാറാകട്ടെ. ﴿ وَالْعَاقِبَةُ لِلْمُتَّقِيْنَ ﴾ എന്നതിന്റെ വ്യക്തമായ മറ്റൊരർത്ഥം ദൈവിക പ്രസ്ഥാനങ്ങളുടെ വിജയം ഭൗതിക തന്ത്രങ്ങൾ കൊണ്ടോ, അഹങ്കാരം കൊണ്ടോ അല്ല അത് വിനയം കൈകൊള്ളുന്നതിലൂടെയും എല്ലാ ഘട്ടങ്ങളിലും അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്നതിലൂടെയുമാണ് ലഭിക്കുക. ഇവർ തന്നെയാണ് വിജയത്തിന്റെ ദൃശ്യങ്ങൾ കാണുക. ഈ അക്രമവും കുഴപ്പങ്ങളും മറ്റും താൽക്കാലികമാണെന്ന കാര്യം ഓർക്കുക. വളരെ വേഗത്തിൽ അത് അതിന്റെ മോശമായ പര്യവസാനത്തിലെത്തിച്ചേരുന്നതാണ്. ലോകത്ത് വലിയ വലിയ ഫിർഔൻമാരും വലിയ അക്രമികളും വലിയ ശക്തരായ ആളുകളുമുണ്ടായി. എന്നാൽ ഇവരെല്ലാവരും ഇല്ലായ്മ ചെയ്യപ്പെട്ടു. ദൈവിക പ്രസ്ഥാനങ്ങളെ

നേരിടാനായി നിൽക്കുന്നവർക്കറിയാം, ഈ പ്രസ്ഥാനം മെല്ലെ മെല്ലെ വളർന്ന് തങ്ങളുടെ ഉയർച്ചയെ ഇല്ലാതാക്കും. ഇത്തരക്കാർ ഭൗതികവാദികളായത് കൊണ്ട് തന്നെ സങ്കുചിതമായ ചിന്തകളാണ് ഇവർക്കുള്ളത് എന്ന് നേരത്തെ ഞാൻ പറഞ്ഞതാണ്. അഹ്മദികൾ തങ്ങളുടെ ഭരണത്തെ കൈക്കലാക്കുമെന്നാണ് ഇവരുടെ ധാരണ. എന്നാൽ ദൈവിക പ്രസ്ഥാനങ്ങളുടെ ഉദ്ദേശ്യം അല്ലാഹുവുമായി ദാസന്റെ ബന്ധം സുദൃഢമാക്കുക എന്നതാണ്. ഈ ഉദ്ദേശ്യവുമായിട്ട് തന്നെയാണ് ഇക്കാലഘട്ടത്തിൽ ഹ: മസീഹ് മൗഊദ് عليه السلام ആഗതരായിരിക്കുന്നത്. ഈ അഭിനവ ഫിർഔൻമാർ തങ്ങളുടെ ഭരണത്തെയും ശക്തിയെയും ദൈവമായി ജനങ്ങളുടെ മുമ്പിൽ വെക്കുകയും എന്നാൽ ഈ ജനങ്ങൾ അല്ലാഹുവിന്റെ ആളുകളായാൽ പിന്നെ അവരുടെ ദിവ്യത്വം അവസാനിക്കുകയും ചെയ്യുന്നു. അല്ലാഹു നബിയുടെയും അനുയായികളുടെയും സത്യസാക്ഷ്യമായി കാണിക്കുന്ന അടയാളങ്ങൾ ഇന്നും പ്രത്യക്ഷത്തിൽ പുലരുന്നതായി കാണാം. ഇവരുടെ ഹൃദയങ്ങളിലും ഇക്കാര്യം നിലകൊള്ളുകയും ഈ സമൂഹം ഒരിക്കൽ വിജയിക്കുക തന്നെ ചെയ്യുമെന്ന് ഇവർക്ക് ബോധ്യപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ശത്രുതയിലും അനീതിയിലും അതിർവരമ്പുകൾ ലംഘിക്കപ്പെടുന്നു. എങ്ങനെയെങ്കിലും നമ്മെ അവസാനിപ്പിക്കണം എന്നാണ് അവർ കരുതുന്നത്. മായാജാലക്കാരൻ എന്നും മറ്റും പറഞ്ഞ് വഴിയിൽ തടസ്സമുണ്ടാക്കുന്നു. പിന്നീട് ദൈവനിയോഗിതന്റെ കാലഘട്ടത്തിലോ ശേഷമോ ഉള്ള മതവേഷധാരികളും സത്യസാക്ഷ്യങ്ങൾ കണ്ട് തങ്ങൾക്ക് അപകടം സംഭവിക്കാനിരിക്കുന്നു എന്ന് മനസ്സിലാക്കുകയും പ്രത്യക്ഷത്തിൽ തന്നെ വളരെയധികം എതിർക്കാൻ തുടങ്ങുകയും അതിൽ അതിര് കടക്കുകയും ചെയ്യുന്നു. ജനങ്ങൾക്കിടയിൽ സത്യവും അസത്യവും വേർതിരിച്ചറിയാതാകുമാറ് ഇവരിൽ കളവ് വ്യാപിക്കുകയും മതത്തിന്റെ പേരിൽ രക്തം ചിന്തുകയും തങ്ങളുടെ സ്ഥാനത്തെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അവരുടെ ഭയാശങ്കകൾ കാരണമാണ് ഈ എതിർപ്പുകൾ ഉണ്ടാകുന്നത്. ഇവർ വിജയിക്കുക തന്നെ ചെയ്യുമെന്ന് അവർക്ക് ബോധ്യമാകുന്നു. ഇത്തരക്കാർ ഭരണാധികാരികളായാലും മുല്ലാക്കളായാലും കസേരക്ക് ഇളക്കം സംഭവിക്കുമെന്ന ധാരണയിലാണ് ദൈവികപ്രസ്ഥാനങ്ങൾക്ക് നേരെ എതിർപ്പിന്ന് ശക്തികൂട്ടുന്നത്. എല്ലാവിധ സ്വഭാവഗുണങ്ങളെയും നിയമങ്ങളെയും കാറ്റിൽ പറത്തിയാണ് ഇവർ പ്രവർത്തിക്കുന്നത്. ഇവർക്ക് ദൈവനിയോഗിതന്റെ വിജയത്തിലും സത്യസാക്ഷ്യത്തിലും വിശ്വാസമില്ലായിരുന്നുവെങ്കിൽ വ്യവസ്ഥാപിതമായ രീതിയിൽ എതിർക്കേണ്ട ആവശ്യം തന്നെ എന്താണ് ? ഇത്തരം എതിർപ്പുകൾ അവരുടെ നാശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇത് സദസ്സുകളിലിരുന്ന് പലരും സമ്മതിക്കുന്ന കാര്യമാണ്. അതായത് അല്ലാഹുവിന്റെ പ്രാവർത്തികമായ സാക്ഷ്യം അഹ്മദികളോടൊപ്പമാണെന്ന് പലരും സമ്മതിക്കുന്നു. യാഥാർത്ഥ്യവും ഇത് തന്നെയാണ്. പാക്കിസ്ഥാനിലും മറ്റ് രാജ്യങ്ങളിലും ഭരണകൂടങ്ങളും മതത്തിന്റെ വഴികാട്ടികളും ജമാഅത്തിനെതിരിൽ വ്യവസ്ഥാപിതമായ ശ്രമമാണ് നടത്തുന്നത്. അഹ്മദികളെ സമൂഹത്തിൽ സ്വതന്ത്രരായി വിട്ടാൽ പിന്നെ നേതാക്കളുടെ കസേരകളും നാമധാരികളായ ഈ ഇമാമുകളുടെ നേതൃസ്ഥാനങ്ങളും നഷ്ടപ്പെടുന്നതായിരിക്കും എന്നാണ് ഇവർ പറയുന്നത്. കുഴപ്പങ്ങളുണ്ടാക്കുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു. നബിമാരുടെ എതിരാളികളുടെ പര്യവസാനത്തെപ്പറ്റി നമ്മെ ഓർമ്മപ്പെടുത്തുന്നു. അവരുടെ കുഴപ്പങ്ങളും ശക്തിയും അഹന്തയും ഒന്നുംതന്നെ അവരെ രക്ഷിച്ചില്ല. ഭാവിയിലും അതിർ സംഘിക്കുന്നവരേയും ദൈവികപ്രസ്ഥാനത്തിന്റെ എതിരാളികളേയും ഇവ രക്ഷിക്കുന്നതല്ല. ഞാൻ വീണ്ടും പറയുകയാണ്. പ്രത്യക്ഷത്തിൽ ദുരിതങ്ങളിൽ നിന്ന് സുരക്ഷിതരായവർ തങ്ങൾ സുരക്ഷിതരെന്ന് കരുതുന്നു. എന്നാൽ അവരും സുരക്ഷിതരല്ല എന്ന കാര്യം ഓർക്കുക. അല്ലാഹു ഖുർആനിൽ ഒരു സ്ഥലത്ത് പറയുന്നു.

اسْتِكْبَارًا فِي الْأَرْضِ وَمَكْرَ السَّيِّئِ ۚ وَلَا يَحِيقُ الْمَكْرُ السَّيِّئُ إِلَّا بِأَهْلِهِ ۚ فَهَلْ يَنظُرُونَ إِلَّا سُنَّتَ الْأَوَّلِينَ ۚ فَلَن تَجِدَ لِسُنَّتِ اللَّهِ تَبْدِيلًا ۖ وَلَن تَجِدَ لِسُنَّتِ اللَّهِ تَحْوِيلًا ﴿٤٤﴾

ഭൂമിയിൽ അഹംഭാവം നടിച്ച് കൊണ്ടും കുതന്ത്രം പ്രവർത്തിച്ച് കൊണ്ടും(അവർ വിദ്വേഷം പ്രകടിപ്പിച്ചു.) കുതന്ത്രം അതിന്റെ ആൾക്കാരെയല്ലാതെ വലയം ചെയ്യുകയില്ല. അപ്പോൾ പൂർവ്വികന്മാരിൽ നടന്ന നടപടിക്രമമല്ലാതെ മറ്റു വല്ലതും അവർ പ്രതീക്ഷിക്കുന്നുണ്ടോ? എന്നാൽ അല്ലാഹുവിന്റെ നടപടിക്രമത്തിന് ഒരു മാറ്റവും നീ കണ്ടെത്തുകയില്ല. അല്ലാഹുവിന്റെ നടപടിക്രമത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.

ഈ അഹങ്കാരവും ദൈവനിയോഗിതനെതിരിൽ പ്രവർത്തിക്കുമോ? ഒരിക്കലുമില്ല. അല്ലാഹുവിന്റെ നടപടിക്രമങ്ങളിൽ യാതൊരു മാറ്റവുമില്ല. മുൻപ്രവാചകന്മാരുടെ വൃത്താന്തങ്ങൾ കഥകളായിട്ടല്ല, അതിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ വേണ്ടിയാണ് പറയുന്നത്. സ്വയം ദൈവഭയമുണ്ടാക്കുക, ദൈവനിയോഗിതനെ എതിർക്കുകയും അദ്ദേഹത്തിന്റെ അനുയായികൾക്ക് മേൽ അനീതിയും രക്തച്ചൊരിച്ചിലും നടത്തുകയും ചെയ്യുന്നവരിൽ ഉൾപ്പെടാതിരിക്കുക. ദൈവിക നിർദ്ദേശമായ ﴿فَلَن تَجِدَ لِسُنَّتِ اللَّهِ تَبْدِيلًا وَلَن تَجِدَ لِسُنَّتِ اللَّهِ تَحْوِيلًا﴾ എന്നതിനെക്കുറിച്ച് ചിന്തിക്കുക. ഇവർ മനസ്സിലാക്കുമായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അല്ലാഹു നമുക്ക് ദുആ ചെയ്യാനുള്ള തൗഫീഖ് നൽകട്ടെ. ലോകർക്ക് വേണ്ടിയുള്ള നമ്മുടെ ദുആ സ്വീകരിക്കുമാറാകട്ടെ. അവർ നാശത്തിന്റെ ഗർത്തത്തിൽ വീഴുന്നതിൽ നിന്നും രക്ഷപ്പെടുമാറാകട്ടെ. നമുക്ക് വേണ്ടിയും ദുആ ചെയ്യുക. ക്ഷമയോടും സ്ഥിരതയോടും എപ്പോഴും ദുആ ചെയ്ത്കൊണ്ടിരിക്കുക. ﴿وَالْعَاقِبَةُ لِلْمُتَّقِينَ﴾ യഥാർത്ഥ ആളുകളായി വിജയത്തിന്റെ ദൃശ്യങ്ങൾ കാണുന്നവരാകട്ടെ. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഒരു ഉദ്ധരണി നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. **അല്ലാഹു തന്റെ പ്രസ്ഥാനത്തെ ഒരിക്കലും ഉപേക്ഷിക്കുകയില്ല തന്നെ. അവൻ പറയുന്നു. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ അക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യതയെ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്. ഈ പ്രസ്ഥാനത്തെ നിഷേധിക്കുന്നവർ തീർത്തും അപമാനിതരാകുന്നതാണെന്നതിൽ യാതൊരു സംശയവുമില്ല. ഇത് മനുഷ്യനിർമ്മിതമായിരുന്നെങ്കിൽ എന്നേ നശിക്കുമായിരുന്നു എന്ന കാര്യവും ഇവർ ചിന്തിച്ചില്ല. അല്ലാഹു വ്യാജവാദിയെ എതിർക്കുന്നത് പോലെ മറ്റാരെയും**

എതിർക്കാറില്ല. ഒരു വ്യാജവാദിയിൽ ഇത്രയധികം സ്ഥിരചിത്തതയും ധൈര്യവും ഉണ്ടാകുമോ എന്ന കാര്യം പോലും ഇവരുടെ ചിന്തയിലുദിച്ചില്ല. അദൃശ്യ സഹായത്തോടെ സംസാരിക്കുന്നയാളുടെ വാക്കുകൾ എപ്പോഴും പ്രശോഭിതമായിരിക്കും. ആ വ്യക്തി ലോകത്തോട് മുഴുവൻ മത്സരിക്കാനായി തയ്യാറാകുന്നു. എതിരാളികൾ അപമാനിതരാകുന്ന ദിനം സമീപസ്ഥമാണെന്ന കാര്യം ഓർത്തുകൊള്ളുക. അന്ന് സുഹൃത്തുക്കൾ സന്തോഷഭരിതരായിരിക്കും. അടയാളങ്ങൾ കാണുന്നതിന് മുമ്പ് തന്നെ എന്നെ സ്വീകരിച്ചവരാണ് സുഹൃത്തുക്കൾ. അവർ തങ്ങളുടെ ജീവനെയും ധനത്തെയും അന്തസ്സിനെയും ആയിരക്കണക്കിന് അടയാളങ്ങൾ ദർശിച്ചവരെപ്പോലെ ത്യാഗം ചെയ്യുന്നു. ഇത് തന്നെയാണ് എന്റെ ജമാഅത്ത്. ഞാൻ ഏകനായിരുന്നപ്പോൾ അവർ എന്നെ സഹായിക്കുകയും എന്റെ ദുഃഖം കാണുകയും അതിൽ പങ്കാളികളാവുക യും ചെയ്തു. അല്ലാഹു അവരിൽ കരുണ ചൊരിയുമാറാകട്ടെ. അടയാളങ്ങൾ ദർശിച്ചതിന് ശേഷം ദാസത്വം സ്വീകരിക്കുന്നതിൽ എന്തർത്ഥമാണുള്ളത്. അത്തരക്കാർക്കുള്ള പ്രതിഫലമെന്താണ്? അവർക്കുള്ള അന്തസ്സെന്താണ്? എന്നെ വളരെ സൂക്ഷ്മമായി ദർശിക്കുന്നവരും എന്റെ വാക്കുകൾ ശ്രദ്ധയോടെ ശ്രവിക്കുന്നവരുമാണ് എന്നെ സ്വീകരിക്കുന്നവർ. എന്റെ അവസ്ഥയെക്കുറിച്ച് നന്നായി മനസ്സിലാക്കിയത് കൊണ്ട് അവരുടെ ഹൃദയങ്ങളെ അല്ലാഹു തുറന്നിരിക്കുന്നു. എന്റെ അനുയായികൾ അവരുടെ ആഗ്രഹാഭിലാഷങ്ങളെ എനിക്ക് വേണ്ടി വെടിയുന്നവരാണ്. ഏതാണ് സ്വീകരിക്കേണ്ടതെന്നും ഉപേക്ഷിക്കേണ്ട കാര്യമെന്താണെന്നുമറിയാൻ അവർ എന്നെ നീതിമാനായ വിധികർത്താവാക്കിയിരിക്കുന്നു. അവരെപ്പോഴും എന്റെ മാർഗ്ഗത്തിൽ ചരിക്കുന്നവരും എന്നോടുള്ള അനുസരണത്തിൽ ലയിച്ചവരുമാണ്. ഈ സത്യാത്മാക്കളുടെ പാത പിൻപറ്റിയാൽ മാത്രമേ അല്ലാഹുവിവ് നിന്നുള്ള പദവിയും അംഗീകാരവും കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. അവർ ഗോപ്യമായ രഹസ്യങ്ങളെക്കുറിച്ചറിയുന്നവരാണ്. ഞാൻ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പുതപ്പിൽ മറഞ്ഞിരുന്ന ഒരാളായിരുന്നു. എന്നിൽ നിന്നുള്ള നറുമണം അവർക്ക് ലഭിച്ചു. അത് മനുഷ്യന്റെ പ്രവൃത്തികളിൽ പെട്ടതല്ല. ഒരു രാജകുമാരനെ വേഷവിധാനങ്ങളോടു കൂടികാണുമ്പോൾ സലാം പറയുകയും എന്നാൽ ഭിക്ഷക്കാരുടെയിടയിലും അത്തരക്കാരെ തിരിച്ചറിയുന്നവരാണ് യഥാർത്ഥവിശ്വാസികൾ. അല്ലാഹു അത്തരക്കാർക്ക് സൂക്ഷ്മബുദ്ധി പ്രദാനം ചെയ്യുന്നതാണ്. എന്നാൽ ഹൃദയത്തിൽ വക്രതയുള്ളവർക്ക് ഇത് കൂടുതൽ കോപത്തിന് കാരണമാകുന്നു.

അല്ലാഹു നമ്മുടെ വിശ്വാസത്തിൽ അഭിവൃദ്ധി പ്രദാനം ചെയ്യുമാറാകട്ടെ. അത് ജനങ്ങളുടെ കണ്ണ് തുറക്കാൻ കാരണമാകട്ടെ. ആമീൻ

# PRINTED BOOKS

**To,**

**From,**
**Incharge Khutba Section**
**Majlis Khuddamul Ahmadiyya North Ilaqa**
**Baithul Quddoos G H Road Calicut -1**

KHUTHBA:

വിവർത്തനം
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ്, കണ്ണൂർ സിറ്റി , PHONE : 9895109624

HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 08-10-10
London

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : Majlis Khuddamul Ahmadiyya, Kerala